# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2879 20/12/2012 ലെ മറുപടിക്ക്

## കായിക വിദ്യാഭ്യാസം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ സ്ക്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡം എന്താണ്; എന്നു മുതലാണ് ഈ മാനദണ്ഡം നടപ്പാക്കിവരുന്നത്; | എ) കെ.ഇ.ആർ. അധ്യായം XXIII, റൂൾ 6(4), റൂൾ 6(ബി)(2)(എ), ഡി എന്നിവയനുസരിച്ച് ഒരു സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക അനുവദിക്കുന്നതിന് യു.പി.സ്കൂളുകളിൽ കുറഞ്ഞത് 500 കുട്ടികളെങ്കിലും ഉണ്ടായിരിക്കണമെന്നും ഹൈസ്കൂൾ വിഭാഗത്തിൽ കുറഞ്ഞത് 5 പിരീഡുകൾ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ബി) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കി വരുമ്പോൾ പാഠ്യപദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാർ അംഗീകരിച്ച കായിക വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ; | ബി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി സർക്കാർ സ്കൂളുകളിലെ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം നോക്കാതെ എല്ലാ കുട്ടികൾക്കും കായിക അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ സ്കൂളുകളിലെ എല്ലാ കായിക അധ്യാപകരെയും അധ്യാപക പാക്കേജിൽ ഉൾപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ തസ്തികയില്ലാതെ ജോലി ചെയ്തിരുന്ന കായിക അധ്യാപകരേയും പ്രത്യേക പൂൾ ആയി കണക്കാക്കി സർക്കാർ സ്കൂളുകളിലെ 6 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇവരുടെ സേവനം ലഭ്യമാകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) യു. പി. യും ഹൈസ്ക്കൂളും ചേർന്ന സ്ക്കൂളുകളിൽ ഹൈസ്ക്കൂൾ വിഭാഗത്തിലെ കുട്ടികളുടെ എണ്ണം മാത്രം പരിഗണിക്കാതെ യു. പി. യിലെ വിദ്യാർത്ഥികളുടെ എണ്ണം കൂടി പരിഗണിച്ചാൽ സർക്കാരിന് സാമ്പത്തിക ലാഭമുണ്ടാകുകയും എല്ലാ സ്ക്കൂളുകളിലും കായിക അദ്ധ്യാപകർ ഉണ്ടാവുകയും ചെയ്യുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | സി) കുട്ടികളുടെ എണ്ണം നോക്കാതെ എല്ലാ സ്കൂളുകളിലും കായിക അധ്യാപകരെ നിയമിക്കുന്നത് സാമ്പത്തിക ബാധ്യത വരുന്ന കാര്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സ്കൂളുകളിൽ നടപ്പാക്കിയ ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പദ്ധതി എത്ര വർഷം നടപ്പാക്കിയിരുന്നു; കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതി നടപ്പാക്കിയിരുന്നോ; പ്രസ്തുത പദ്ധതി തുടർന്നും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി 2008-2009 വർഷം മുതൽ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കിവരുന്നു. കഴിഞ്ഞ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കിയിരുന്നു. നടപ്പുവർഷത്തെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ഇ) | സമ്പൂർണ്ണ കായിക ക്ഷമതാ പരിശോധന പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കായിക ക്ഷമതാ നിലവാരം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്. 2011-2012 വർഷം നടത്തിയ രണ്ടാം ഘട്ട പരിശോധനയിൽ പങ്കെടുത്തവരിൽ 6267 പേർ മാത്രമാണ് കായിക ക്ഷമതയുള്ളവരായി കണ്ടെത്തിയിട്ടുള്ളത്.<br>എ ഗ്രേഡ് - 622 പേർ<br>ബി ഗ്രേഡ് - 2005 പേർ<br>സി ഗ്രേഡ് - 3640 പേർ |
| (എഫ്) | വിദ്യാർത്ഥികളിൽ കായിക ക്ഷമത കുറയുന്നതിന്, കായിക വിനോദങ്ങളിൽ ഏർപ്പെടാത്തതും, കായിക വിദ്യാഭ്യാസം ലഭിക്കാത്തതും ഒരു കാരണമാകയാൽ, വിദ്യാർത്ഥികളുടെ എണ്ണം നോക്കാതെ യു. പി. സ്ക്കൂൾ മുതൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ വരെ കായിക അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല. |
| (ജി) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 8-ാം ക്ളാസ്സ് യു. പി. സ്ക്കൂളിനോട് ചേർക്കുമ്പോൾ നിലവിൽ ജോലിനോക്കിവരുന്ന ഹൈസ്ക്കൂളുകളിലെ കായികാദ്ധ്യാപകരുടെ തസ്തിക സംബന്ധിച്ച് എന്തു തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ജി) | ഇതു സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| എച്ച്) | അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയപ്പോൾ കായിക അദ്ധ്യാപകരുടെ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | എച്ച്) | എയ്ഡഡ് സ്കൂളുകളിൽ തസ്തികയില്ലാതെ ജോലി നോക്കിയിരുന്നവരും കുട്ടികളുടെ കുറവും മൂലം പുറത്തുപോയതുമായ കായിക അധ്യാപകരെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിക്കുകയും സർക്കാർ സ്കൂളുകളിലെ എല്ലാ കായിക അധ്യാപകരെയും അധ്യാപക പാക്കേജിൽ ഉൾപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ തസ്തികയില്ലാതെ ജോലി ചെയ്തിരുന്ന കായിക അധ്യാപകരേയും പ്രത്യേക പൂൾ ആയി കണക്കാക്കി സർക്കാർ സ്കൂളുകളിലെ 6 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഇവരുടെ സേവനം ലഭ്യമാകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഐ) | സ്ക്കൂളുകളിൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനും ഇതിനായി ട്രെയിനിംഗ് ലഭിച്ച കായിക അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി കണക്കാക്കാതെ ഓരോ സ്ക്കൂളിലും നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ? | ഐ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ